ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

TIME: 06.30 PM

## പ്രാദേശിക വാർത്ത

DATE: 29.11.2025

1. തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. സമ്മതിദായകരെ നേരിൽ കണ്ട് വോട്ട് അഭ്യർത്ഥിക്കാനുള്ള തിരക്കിൽ സ്ഥാനാർത്ഥികൾ.
2. തദ്ദേശ തിരഞ്ഞെടുപ്പിന്റെ ജില്ലാതല പ്രവർത്തനങ്ങൾ വിലയിരുത്തി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. സ്വകാര്യ മേഖലയിലുള്ളവർക്ക് വോട്ട് ചെയ്യാൻ അവധി നൽകണമെന്നും നിർദേശം.
3. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി എന്യൂമറേഷൻ ഫോം പൂരിപ്പിച്ച് നൽകിയവർ കരട് വോട്ടർപട്ടികയിൽ ഉണ്ടാകുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.
4. നാവികസേനാ ദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം ശംഖുംമുഖത്ത് നടന്ന ഫുൾ ഡ്രസ് റിഹേഴ്സൽ കാണികളുടെ മനം കവർന്നു.

RNU TVPM

5. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 മണിക്ക്.
6. ദിത്വാ ചുഴലിക്കാറ്റ് തമിഴ് നാട് തീരപ്രദേശത്തോട് അടുക്കുന്നു. തമിഴ്നാട്, പുതുച്ചേരി, തെക്കൻ ആന്ധ്രാപ്രദേശ് തീരങ്ങളിൽ ജാഗ്രതാ നിർദേശം.

☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM

## തെരഞ്ഞെടുപ്പ് പ്രചാരണം

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. സമ്മതിദായകരെ നേരിൽ കണ്ട് വോട്ട് അഭ്യർത്ഥിക്കാനുള്ള തിരക്കിലാണ് സ്ഥാനാർത്ഥികൾ. ഡിസംബർ 9, 11 തീയതികളിലാണ് വോട്ടെടുപ്പ്. ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെ വിതരണവും ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ട പരിശോധന കഴിഞ്ഞ് പ്രവർത്തന സജ്ജമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളാണ് ജില്ലകളിലെ സ്ട്രോംഗ് റൂമുകളിൽ നിന്ന് വിതരണകേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നത്.

***********

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

RNU TVPM

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിലെപ്രവർത്തനങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ വിലയിരുത്തി. സ്ഥാനാർത്ഥിയുടെ പ്രചാരണ വാഹനത്തിന് വരണാധികാരിയുടെ മുൻകൂർ അനുമതി വാങ്ങണമെന്നും സ്വകാര്യ ആവശ്യങ്ങൾക്കുള്ള വാഹനങ്ങളിൽ പ്രചാരണം പാടില്ല എന്നും അദ്ദേഹം പറഞ്ഞു. സ്വന്തം ജില്ലക്ക് പുറത്ത് ജോലി ചെയ്യുന്ന വോട്ടർമാർക്ക് സ്വന്തം ജില്ലയിലെ പോളിംഗ് സ്റ്റേഷനിൽ എത്തി വോട്ട് ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകാനും നിർദ്ദേശം നൽകി. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, ജനറൽ ഒബ് സർവർമാർ, ചെലവ്
നിരീക്ഷകർ എന്നിവർ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

***********

## ഡ്യൂട്ടി ലീവ്

വോട്ടെടുപ്പിന്റെ തൊട്ടടുത്ത ദിവസം പ്രവൃത്തി ദിവസമാണെങ്കിൽ പോളിംഗ് ഉദ്യോഗസ്ഥർക്ക് അന്ന് കൂടി ഡ്യൂട്ടി ലീവ് അനുവദിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി കാലയളവ് തിരഞ്ഞെടുപ്പിന്റെ തലേദിവസം രാവിലെ മുതൽ പോളിംഗ് ദിവസം പോളിംഗ് സാധനങ്ങൾ സ്വീകരണ കേന്ദ്രത്തിൽ തിരികെ ഏൽപ്പിക്കുന്നത് വരെയാണ്. സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന സമ്മതിദായകർക്കും വോട്ടു രേഖപ്പെടുത്തുന്നതിന് വേതനത്തോട് കൂടിയുള്ള അവധി നൽകണമെന്നും നിർദേശം നൽകിയിട്ടുണ്ട്.

***********

RNU TVPM

**കൊല്ലം - തെരഞ്ഞെടുപ്പ് പ്രചാരണം (ഇൻട്രോ)**

കൊല്ലം കോർപ്പറേഷൻ തിരഞ്ഞെടുപ്പ് പ്രചാരണം ചൂടേറി. മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥികൾ വാശിയോടെ പ്രചാരണം തുടരുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ...**

**(വോയിസ്)**

***********

**തദ്ദേശ തിരഞ്ഞെടുപ്പ് - കോട്ടയം**

കോട്ടയത്ത് തദ്ദേശ തെരഞ്ഞെടുപ്പിനുള്ള വോട്ടിംഗ് യന്ത്രങ്ങൾ നഗരസഭകളിലെയും ബ്ലോക്ക് പഞ്ചായത്തുകളിലെയും വിതരണ കേന്ദ്രങ്ങളിലേക്ക് എത്തിച്ചു തുടങ്ങി. യന്ത്രങ്ങൾ സൂക്ഷിച്ചിരിക്കുന്ന ഏറ്റുമാനൂർ സത്രം വെയർ ഹൗസിൽ നിന്ന് ബ്ലോക്ക്, മുനിസിപ്പൽ റിട്ടേണിംഗ് ഓഫീസർമാർ കൈപ്പറ്റി.

***********

RNU TVPM

**എസ് ഐ ആർ - കേന്ദ്രം**

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രണ്ടാംഘട്ടത്തിന്റെ ഭാഗമായി രാജ്യത്ത് 50 കോടി 73 ലക്ഷം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഈ ഘട്ടത്തിൽ ഉൾപ്പെട്ട മൊത്തം 51 കോടി വോട്ടർമാരുടെ 99.53 ശതമാനത്തിനും ഫോം ലഭ്യമാക്കിയിട്ടുണ്ട്. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 7 ന് പ്രസിദ്ധീകരിക്കും.

***********

**മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ (ഇൻട്രോ)**

അനർഹരെ വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കണം എന്നതാണ് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ലക്ഷ്യമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഡിസംബർ നാല് വരെ കാത്തിരിക്കാതെ

എന്യൂമറേഷൻ ഫോമുകൾ എത്രയും വേഗം പൂരിപ്പിച്ച് നൽകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

**(വോയിസ് - രത്തൻ യു കേൽക്കർ)**

എന്യൂമറേഷൻ ഫോം പൂരിപ്പിച്ച് നൽകിയവർ എല്ലാം കരട് വോട്ടർപട്ടികയിൽ ഉണ്ടാകുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

***********

## ECI ആപ്പ്

നൂതന സംരംഭമായ ECINet ആപ്പ് കൂടുതൽ ഉപയോക്തൃ സൗഹൃദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തേടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. അടുത്ത മാസം 27 വരെ ആപ്പിലെ 'Submit a Suggestion' ടാബിലൂടെ ജനങ്ങൾക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കാം. ECINet പ്ലാറ്റ്ഫോം 2026 ജനുവരിയിൽ ഔദ്യോഗികമായി പുറത്തിറക്കുകയാണ് ലക്ഷ്യം.

***********

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടിയുടെ 128 -ാം പതിപ്പ് പ്രക്ഷേപണം ചെയ്യും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ തന്നെ പ്രാദേശിക ഭാഷകളിൽ മൻ കി ബാത്ത് കേൾക്കാം.

***********

## റേഷൻ കൈപ്പറ്റണം

ഡിസംബർ മാസത്തെ റേഷൻ വിതരണം 2 -ാം തീയതി ആരംഭിക്കുമെന്ന് പൊതുവിതരണ ഉപഭോക്തൃ കമ്മീഷണർ അറിയിച്ചു. ഈ മാസത്തെ റേഷൻ ഇനിയും

RNU TVPM

കൈപ്പറ്റാത്തവർ ഇന്ന് തന്നെ കൈപ്പറ്റണം. ഡിസംബർ 1 ന് സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾക്കും അവധി ആയിരിക്കും.

***********

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ “നല്ല വാർത്ത“ എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

***********

## നാവികസേനാ ദിനം

നാവികസേനാ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രപതി ദ്രൗപദി മുർമു ബുധനാഴ്ച തിരുവനന്തപുരത്തെത്തും. ശംഖുമുഖം ബീച്ചിൽ നടക്കുന്ന ആഘോഷങ്ങളിൽ നാവികസേനയുടെ പോരാട്ട വീര്യം പ്രദർശിപ്പിക്കുന്ന അഭ്യാസ പ്രകടനങ്ങൾ അരങ്ങേറും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി പരിപാടിയ്ക്ക് ആതിഥേയത്വം വഹിക്കും.

***********

## നാവിക ദിനം (ഇൻട്രോ)

നാവിക ദിനാഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന അഭ്യാസ പ്രകടനങ്ങളുടെ ഫുൾ ഡ്രസ് റിഹേഴ്സൽ ഇന്ന് തിരുവനന്തപുരം ശംഖ്മുഖം ബീച്ചിൽ നടന്നു.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.......**
**(വോയിസ്)**

***********

## പാസിംഗ് ഔട്ട് പരേഡ്

RNU TVPM

സാങ്കേതിക മേഖലയിലെ പുരോഗതിയെ പൂർണ്ണമായും ഉപയോഗപ്പെടുത്തിയുള്ള മുന്നേറ്റമാണ് സേന വിഭാഗങ്ങളിൽ നടക്കുന്നതെന്ന് സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ. ഏഴിമല നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട്പരേഡിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വെല്ലുവിളികൾ ഏറ്റെടുത്ത് കൊണ്ട് കേഡറ്റുകൾ മുന്നോട്ടു പോവണമെന്നും അദ്ദേഹം പറഞ്ഞു. 34 വനിതാ കേഡറ്റുകൾ ഉൾപ്പെടെ 232 കേഡറ്റുകളാണ് പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുത്തത്.

***********

## മഴ-കേരളം

സംസ്ഥാനത്ത് ചില ഇടങ്ങളിൽ മഴ. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം,വയനാട് എന്നീ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നിർദേശം നൽകി. ശക്തമായ കാറ്റിന് സാധ്യത ഉള്ളതിനാൽ കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RIUTVPM

***********

## ദിത്വാ ചുഴലിക്കാറ്റ്

ശ്രീലങ്കയിൽ നാശം വിതച്ച ദിത്വാ ചുഴലിക്കാറ്റ് നിലവിൽ തമിഴ്നാടിന്റെ തീരത്തേക്ക് നീങ്ങുന്നു. തമിഴ്നാട് തീരങ്ങളിൽ നാളെ വരെ മണിക്കൂറിൽ 70 കിലോമീറ്റർ വേഗതയിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ തീരദേശ പ്രദേശങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. തമിഴ്നാട്, പുതുച്ചേരി, തെക്കൻ ആന്ധ്രാപ്രദേശ് തീരങ്ങളിൽ ജാഗ്രതാ നിർദേശം നൽകി. പ്രതികൂല കാലാവസ്ഥയെ തുടർന്ന് വിവിധ വിമാനസർവ്വീസുകൾ തടസ്സപ്പെട്ടു.

***********

## കൈനകരി- വധ ശിക്ഷ

ആലപ്പുഴ കൈനകരിയിൽ ഗർഭിണിയായ യുവതിയെ കൊലപ്പെടുത്തിയ കേസിലെ രണ്ടാം പ്രതിക്കും ആലപ്പുഴ അഡീഷണൽ സെഷൻസ് മൂന്നാം കോടതി
വധശിക്ഷ വിധിച്ചു. കേസിലെ രണ്ടാം പ്രതി കൈനകരി സ്വദേശിനി രജനിക്കാണ് വധശിക്ഷ വിധിച്ചത്. ഒന്നാംപ്രതി മലപ്പുറം സ്വദേശി പ്രബീഷിന് കോടതി നേരത്തേ വധശിക്ഷ നൽകിയിരുന്നു. പുന്നപ്ര സ്വദേശി അനിതയെ കൊലപ്പെടുത്തിയ കേസിലെ
പ്രതികൾക്കാണ് ശിക്ഷാവിധി.

***********

## കണ്ണൂർ ബസ്സപകടം

കണ്ണൂർ ചെറുപുഴ ചിറ്റാരിക്കൽ കാറ്റാം കവലയിൽ ശബരിമല തീർഥാടകർ സഞ്ചരിച്ച ബസ് നിയന്ത്രണം വിട്ട് താഴ്ചയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. മൈസൂർ സ്വദേശി ഹരീഷാണ് മരിച്ചത്. അപകടത്തിൽ 46 പേർക്ക് പരുക്കേറ്റു. ഇതിൽ അഞ്ചു പേരുടെ നില ഗുരുതരമാണ്. മലയോര ഹൈവേയിലാണ് അപകടമുണ്ടായത്.

RNUTVPM

***********

## ശബരിമല - സദ്യ

അന്നദാനത്തിന്റെ ഭാഗമായി ശബരിമലയിൽ ചൊവ്വാഴ്ച്ച മുതൽ ഭക്തർക്ക് സദ്യ വിളമ്പി തുടങ്ങും. ഉച്ചയ്ക്ക് 12 മുതൽ 3 മണി വരെയാണ് പായസം ഉൾപ്പെടെ 7 വിഭവങ്ങളെങ്കിലും ഉൾപ്പെടുന്ന സദ്യ വിളമ്പുന്നത്. സ്റ്റീൽ പ്ളേറ്റും സ്റ്റീൽ ഗ്ലാസുമാണ് ഉപയോഗിക്കുക.

***********

## കെ എസ് ഇ ബി

നവീകരണത്തിൻ്റെ ഭാഗമായി കെ എസ് ഇ ബിയുടെ ടോൾഫ്രീ കസ്റ്റമർകെയർ തടസ്സപ്പെടും. **1912** എന്ന ടോൾഫ്രീ നമ്പർ ഇന്ന് രാത്രി 11 മണി മുതൽ നാളെ പുലർച്ചെ 3 മണിവരെ പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെടുമെന്ന് കെ എസ് ഇ ബി അറിയിച്ചു.

*

***********

*******************************************

RNU TVPM